**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 998

20.03.2013 ൽ
മറുപടി നൽകേണ്ടിയിരുന്നത്

**ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം ശാന്തിഗിരിയിൽ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) (എ) ടൂറിസം വകുപ്പ് നടപ്പാക്കുന്ന ടേക്ക് എ ബ്രേക്ക് എന്ന വിശ്രമകേന്ദ്രം പോത്തൻകോട് ശാന്തി ഗിരിയിൽ സ്ഥാപിക്കുന്നതിന്റെ അടങ്കൽ തുക എത്രയാണ്; | എ) 1,30,00,000/- രൂപ (ഒരു കോടി മുപ്പത് ലക്ഷം രൂപ) |
| ബി) പ്രസ്തുത പദ്ധതിക്ക് എന്നാണ് തറക്കല്ലിട്ടതെന്നും അതിന്റെ പണി എന്ന് ആരംഭിച്ചുവെന്നും വെളിപ്പെടുത്തുമോ; | ബി) 23.08.2012 ൽ ആണ് പദ്ധതിയ്ക്ക് തറക്കല്ലിട്ടത്. തുടർന്ന് പദ്ധതി നിർവ്വഹണത്തിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ; | (സി) പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ ഏകദേശം 30 സെൻ്റോളം ഭൂമി ഇതിനായി ലഭ്യമാക്കാമെന്ന് ബന്ധപ്പെട്ടവർ നൽകിയ ഉറപ്പിൻെറ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ ഭരണാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിച്ചത്. എന്നാൽ പ്രസ്തുത ഭൂമി വേർതിരിച്ച് കൈമാറുന്നതിനുള്ള പാട്ടക്കരാർ ഒപ്പുവയ്ക്കുന്നതിന് ചില തടസ്സങ്ങൾ ഉയർന്നു വന്നതിനെ തുടർന്ന് ഭൂമി കൈമാറ്റം നടന്നിരുന്നില്ല. ഭൂമി കൈമാറ്റം സംബന്ധിച്ച പ്രശ്നം ചർച്ചയിലൂടെ പരിഹരിച്ചിട്ടുണ്ട്. ആയതിനാൽ ഉടൻതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) എന്നാണ് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഡി) 2014 മാർച്ച് 31-ന് മുൻപ് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ